ഉത്തരം

(എ) മൈത്രീ ഭവന പദ്ധതി പ്രകാരം വായ്പയെടുത്ത 38,384 ഗുണഭോക്താക്കളുടെ കടിശ്ശികയായ 137.94 കോടിരൂപ 8-11-2011-ലെ സ.ഉ. (എംഎസ്.) 34/2011/ഭവനം പ്രകാരം എഴുതിത്തള്ളിയിട്ടുണ്ട്.

(ബി) മൈത്രീ ഭവന പദ്ധതി പ്രകാരം ഭാഗികമായി വായ്പാ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ കടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

ഗൃഹശ്രീ ഭവന പദ്ധതി

206 (551) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം ആരെയാണ് ഏൽപ്പിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത് ; ഇതിൽ സർക്കാർ സബ്സിഡി എത്രയാണ് ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേക്ക് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ?

ഉത്തരം

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം അതാത് ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്.

(ബി) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഒരു വീടിനു ലഭിക്കുന്ന സർക്കാർ സബ്സിഡി 2 ലക്ഷം രൂപയാണ്. ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ള സർക്കാർ ഇതര സംഘടനകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗൃഹശ്രീ ഭവന പദ്ധതിയുടെ നിബന്ധനകൾ അനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ 15 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഹൗസിംഗ് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

207 (552) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ രൂപീകരണത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പാർപ്പിട വികസനത്തിന് സഹായകമാംവിധം പ്രസ്തുത കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19-7-2013-ന് സംസ്ഥാനത്ത് പൊതുമേഖലയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു.

(ബി) നാഷണൽ ഹൗസിംഗ് ബാങ്ക് മുതലായ സ്ഥാപനങ്ങളിൽനിന്നും ധനസമാഹരണം നടത്തി സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഭവന നിർമ്മാണ ഏജൻസികൾക്കും വ്യക്തികൾക്കും ന്യായമായ നിരക്കിൽ ഭവന വായ്പ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly